## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2757** **12.02.2019-ൽ മറുപടിക്ക്**

### ഫാക്ടറികൾക്കും വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.പി.വി. അൻവർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഫാക്ടറികൾക്കും വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്കും അവയുടെ യും പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് യും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) (ബി) ഉണ്ട്. താഴെ പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്.<br>• മികച്ച തൊഴിൽദാതാവ്<br>• സംതൃപ്തരായ തൊഴിലാളികൾ<br>• മികവുറ്റ തൊഴിൽ അന്തരീക്ഷം<br>• തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം<br>• സ്ത്രീ സൗഹൃദ അന്തരീക്ഷം<br>• തൊഴിലാളികളുടെ ക്ഷേമം<br>• തൊഴിലിടങ്ങളിലെ സുരക്ഷ |
| (സി) സ്ഥാപനങ്ങളുടെ മത്സരക്ഷമത, വാണിജ്യപരമായ വിശ്വാസ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും തൊഴിലാളി-തൊഴിലുടമ ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതിനും ഈ സംവിധാനം എത്രത്തോളം പ്രയോജനപ്രദമാകുന്നുവെന്ന് അറിയിക്കാമോ; | (സി) സംസ്ഥാനത്തെ ഫാക്ടറികളെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളെയും നിയമപാലനം, ക്ഷേമപ്രവർത്തനങ്ങൾ, മിനിമം വേതനം നടപ്പിലാക്കൽ, സ്ത്രീ സൗഹൃദ തൊഴിൽ അന്തരീക്ഷം, ശുചിത്വം, ഉപഭോക്തൃ സേവനം തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും മികച്ച ഗുണനിലവാരം പുലർത്തുന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും ഗ്രേഡുകൾ |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്യുന്നതിലൂടെ ടി മാനദണ്ഡങ്ങൾ തൊഴിൽ സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നതിനും മികച്ച ഗ്രേഡുകൾ കരസ്ഥമാക്കുന്നതിനും സ്ഥാപനങ്ങൾക്കിടയിൽ മത്സരക്ഷമത ഉണ്ടാകുകയും ആയതിലൂടെ വാണിജ്യപരമായ വിശ്വാസ്യത വർദ്ധിക്കുകയും, തൊഴിലാളി- തൊഴിലുടമ ബന്ധം കാര്യക്ഷമമാകുന്നതുമാണ്. |
| (ഡി) | ഏതെല്ലാം മേഖലകളിലും സ്ഥാപനങ്ങളിലുമാണ് ഇപ്രകാരം ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കുന്നത്; | (ഡി) | താഴെപ്പറയുന്ന മേഖലകളിലാണ് ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്.<br>1. ഹോസ്പിറ്റലുകൾ<br>2. ടെക്സ്റ്റൈൽഷോപ്പുകൾ<br>3. ഹോട്ടൽ-റെസ്റ്റോറൻറുകൾ<br>4. ജ്വല്ലറികൾ<br>5. സെക്യൂരിറ്റിസ്ഥാപനങ്ങൾ<br>6. ഐ.ടി.സ്ഥാപനങ്ങൾ<br>7. സ്റ്റാർഹോട്ടലുകൾ<br>8. നിർമ്മാണ മേഖല<br>കൂടാതെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 20 ഉം അതിൽ കൂടുതൽ തൊഴിലാളികൾ ഉള്ള ഫാക്ടറികളിൽ പ്രാഥമികമായി ഗ്രേഡിംഗ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | ഇത് സംബന്ധിച്ച് തൊഴിലാളി,തൊഴിലുടമ പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഇ) | ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.10.2016 തീയതിയിൽ തൊഴിൽ സ്ഥാപന ഉടമകളുടെ അസോസിയേഷനുകളുടെയും വ്യാപാരി, വ്യവസായി അസോസിയേഷനുകളുടെയും സംസ്ഥാനതല യോഗവും, 18.01.2017 തീയതിയിൽ വിവിധ തൊഴിലാളി യൂണിയൻ പ്രതിനിധികളുടെ യോഗവും |

വിളിച്ച് ചേർത്തിരുന്നു. ടി യോഗത്തിൽ പങ്കെടുത്ത വിവിധ സംഘടനാ പ്രതിനിധികൾ മുന്നോട്ട് വച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൂടി അടിസ്ഥാനമാക്കിയാണ് ഗ്രേഡിംഗ് സംവിധാനം രൂപീകരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.